**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ** 3 01.12..2014-**ൽ മറുപടിക്ക്**

## വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീമതി കെ.കെ. ലതിക | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗ്ഗീയ സംഘടനകൾ അസ്വാസ്ഥ്യം സൃഷ്ടിക്കാൻ ശ്രമിച്ചു-വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗ്ഗീയ സംഘടനകൾ അസ്വാസ്ഥ്യം സൃഷ്ടിക്കാൻ ശ്രമിച്ചു-വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്നതിന് ബോധപൂർവ്വമായ പ്രവർ-ത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കെ-തിരെ നിയമ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്നതിന് ബോധപൂർവ്വമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരി-ക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചു വരുന്നതും കൂടാതെ വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണവും, പട്രോളിംഗ് നടത്തിയും സാമുദായിക സംഘർഷം ഉണ്ടാകാൻ സാധ്യതയുള്ള സംഭവങ്ങളിൽ അടിയന്തിരമായി ഇടപെട്ട് ആയത് തുടക്കത്തിൽതന്നെ ഇല്ലാതാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) വർഗ്ഗീയ സംഘടനകളോട് പോലീസ് വിധേയത്വം കാണിച്ചുവരുന്നതും അവരുടെ ക്രൂരകൃത്യങ്ങൾ തടയാൻ തയ്യാറാകാതിരി-ക്കുന്നതും വൻ ദുരന്തത്തിനിടയാക്കുമെന്ന ആക്ഷേപം ശ്രദ്ധിക്കുമോ; | (സി) വർഗ്ഗീയ സംഘടനകളോട് പോലീസ് വിധേയത്വം കാണിക്കുന്നുവെന്നുള്ള ആക്ഷേപം ശരിയല്ല. |
| (ഡി) വർഗ്ഗീയ സംഘടനകളുടെ പ്രവർത്ത-നങ്ങൾ നിരീക്ഷിക്കുന്നുണ്ടോ; സർക്കാർ സംവിധാനങ്ങൾ ഇവർക്ക് സഹായങ്ങൾ നൽകിവരുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) പോലീസ് ഇന്റലിജൻസിന്റെ സഹായത്തോടെ വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നുണ്ട്. സർക്കാർ സംവിധാനങ്ങൾ വർഗ്ഗീയസംഘടനകൾക്ക് സഹായങ്ങൾ നൽകു-ന്നില്ല. |

സെക്ഷൻ ഓഫീസർ